ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 12.30 PM** **DATE: 07.02.2026**

## പ്രധാനവാർത്ത

1. കയറ്റുമതി മേഖലയ്ക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഇന്ത്യ -യു.എസ് ഉഭയകക്ഷി വ്യാപാരക്കരാറിന്റെ ചട്ടക്കൂടിന് ധാരണയായി.

2. ഇന്ത്യ - യു എസ് വ്യാപാര കരാർ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് കരുത്തേകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ വിദേശ വിപണി സാധ്യതകൾ വർദ്ധിക്കുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയം.

3. രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് ചേവായൂരിൽ തറക്കല്ലിട്ടു.

4. പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടികാ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം ഉടൻ നല്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിൽ എസ് ഐ ആർ നടപടികൾ പുരോഗമിക്കുന്നു.

RNU TVPM

**5. ഇസ്ലാമാബാദ് ചാവേർ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഇസ്ലാമിക് സ്റ്റേറ്റ്. ആക്രമണത്തെ അപലപിച്ച് ഇന്ത്യ.**

**6. ഐസിസി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിന് തുടക്കമായി. ആദ്യ മത്സരത്തിൽ പാകിസ്ഥാൻ - നെതർലൻഡ്സിനെ നേരിടുന്നു.**

*********************************

## ഇന്ത്യ–അമേരിക്ക കരാർ

ഇന്ത്യ–അമേരിക്ക ഉഭയകക്ഷി വ്യാപാരക്കരാറിന്റെ ചട്ടക്കൂട് രൂപീകരിച്ചു. പരസ്പരം പ്രയോജനകരമായ വ്യാപാരം സംബന്ധിച്ച ഇടക്കാല കരാറിനുള്ള ചട്ടക്കൂടിൽ എത്തിയതായി ഇരുരാജ്യങ്ങളും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ ഫെബ്രുവരിയിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തുടക്കമിട്ട ഉഭയകക്ഷി വ്യാപാര കരാർ ചർച്ചകളുടെ ഫലമായാണ് നടപടി. ഇന്ത്യയിൽ നിന്നുള്ള തുണിത്തരങ്ങൾ, തുകൽ, പാദരക്ഷകൾ, പ്ലാസ്റ്റിക്, റബ്ബർ, ജൈവ രാസവസ്തുക്കൾ, വീട്ടുപകരണങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഉൾപ്പെടെ അമേരിക്ക 18 ശതമാനം തീരുവ ബാധകമാക്കും. ജനറിക് ഫാർമസ്യൂട്ടിക്കൽസ്, രത്നങ്ങൾ, വജ്രങ്ങൾ,

RIJU TVPM

വിമാന ഭാഗങ്ങൾ എന്നിവയുൾപ്പെടെ നിരവധി വസ്തുക്കളുടെ പരസ്പര തീരുവ ഒഴിവാക്കും. ഉഭയകക്ഷി വ്യാപാരത്തെ ബാധിക്കുന്ന തീരുവ ഇതര തടസ്സങ്ങൾ ഇരുരാജ്യങ്ങളും പരിഹരിക്കും.

**********************************

## വ്യാപാര കരാർ - പ്രധാനമന്ത്രി

ഇന്ത്യ- അമേരിക്ക ഇടക്കാല വ്യാപാര കരാറിനെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. യു എസ്സ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന് നന്ദി അറിയിച്ച അദ്ദേഹം കരാർ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് കരുത്തേകുമെന്നും സമൂഹ മാധ്യമത്തിൽ പറഞ്ഞു. കരാറിലൂടെ കർഷകർ, സംരംഭകർ, യുവാക്കൾ എന്നിവർക്ക് വൻ തോതിൽ തൊഴിലവസരങ്ങൾ ലഭിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

RNI TVPM

**********************************

## വ്യാപാര കരാർ - പിയുഷ് ഗോയൽ

രാജ്യത്തെ തൊഴിൽ മേഖലകളെ ഇന്ത്യ-യുഎസ് വ്യാപാര കരാർ ഉത്തേജിപ്പിക്കുമെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ . ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് അമേരിക്കൻ വിപണിയിൽ കൂടുതൽ അവസരങ്ങൾ ലഭിക്കുമെന്നും ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾക്ക് വലിയ ഉണർവ്വ് ലഭിക്കുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ പറഞ്ഞു .

*******************************

## വ്യാപാര കരാർ- എസ്. ജയശങ്കർ

ഇന്ത്യ- അമേരിക്ക വ്യാപാര കരാർ ഇരുരാജ്യങ്ങൾക്കും ഗുണകരമായ വ്യാപാര പങ്കാളിത്തം ഉറപ്പാക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇത് ഇന്ത്യൻ കയറ്റുമതി മേഖലയ്ക്ക് കൂടുതൽ വിപണിസാധ്യതകൾ നൽകുമെന്നും 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് കരുത്തേകുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ പറഞ്ഞു .

*******************************

## പ്രധാനമന്ത്രി - മലേഷ്യ

രണ്ടു ദിവസത്തെ മലേഷ്യ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു. മലേഷ്യൻ തലസ്ഥാനമായ ക്വലാലംപുരിലെത്തുന്ന അദ്ദേഹം മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി ചർച്ച നടത്തും. ഇന്ത്യൻ പ്രവാസി സമൂഹവുമായും സംവദിക്കും. പ്രതിരോധ, സുരക്ഷാ ബന്ധങ്ങൾ ശക്തമാക്കാനും പുതിയ മേഖലകളിലേക്ക് സഹകരണം വികസിപ്പിക്കാനും സന്ദർശനം ലക്ഷ്യമിടുന്നതായി യാത്ര പുറപ്പെടുന്നതിന് മുൻപ് പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. 30 ലക്ഷത്തോളം വരുന്ന ഇന്ത്യൻ പ്രവാസിസമൂഹമാണ് ഇരു രാജ്യങ്ങളും

RNJ TVPM

തമ്മിലുള്ള ചരിത്രപരമായ സൗഹൃദത്തിന് ശക്തമായ അടിത്തറ നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

***********************************

## അവയവമാറ്റ ആശുപത്രി-മുഖ്യമന്ത്രി (ഇൻട്രോ)

രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. സംസ്ഥാനത്തെ ആരോഗ്യ രംഗത്തുണ്ടായ സമഗ്ര മാറ്റത്തിനുള്ള ഉദാഹരണമാണ് ഈ ആശുപത്രിയെന്ന് അദ്ദേഹം പറഞ്ഞു. പല കാര്യങ്ങളിലും കേരളം രാജ്യത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**(വോയിസ്)**

ചേവായൂരിലെ ത്വക്ക് രോഗ ആശുപത്രി വളപ്പിലെ 20 ഏക്കർ സ്ഥലത്താണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് നിർമിക്കുന്നത്.

***********************************

## പശ്ചിമ ബംഗാൾ- ഓണറേറിയം

പശ്ചിമ ബംഗാളിൽ എസ് ഐ ആർ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഓണറേറിയം ഉടൻ നല്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കുടിശ്ശിക

RNU TVM

തീർപ്പാക്കുന്നതിൽ നേരത്തെ അറിയിപ്പ് നൽകിയിട്ടും സംസ്ഥാന സർക്കാരിൽ നിന്ന് മറുപടി ലഭിക്കാത്ത സാഹചര്യത്തിലാണ് നടപടി. ഓണറേറിയം നൽകുന്നതിൽ കാലതാമസം പാടില്ലെന്നും തുക ഉടൻ കൈമാറണമെന്നും കമ്മീഷൻ നിർദേശം നൽകി.

***********************************

## കേരള എസ് ഐ ആർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. എസ് ഐ ആറിന്റെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായിട്ടുണ്ട്. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസദ്ധികരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

RNJT/PM

***********************************

## നിതിൻ നബീൻ

ബിജെപിയുടെ നിയമസഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് തൃശൂരിൽ തുടക്കം കുറിച്ച് പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ. തൃശൂർ ഒല്ലൂക്കര 164-ാം നമ്പർ ബൂത്തിൽ തിരഞ്ഞെടുപ്പ് ചുവരെഴുത്ത് അദ്ദേഹം ഉദ്ഘാടനം ചെയ്തു. ബി

ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുത്തു

************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************************

## അടൂർ പ്രകാശ് - എസ്ഐ ടി

ശബരിമല സ്വർണ്ണ അപഹരണക്കേസിൽ യു ഡി എഫ് കൺവീനറും എം പിയുമായ അടൂർ പ്രകാശിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് ആസ്ഥാനത്താണ് ചോദ്യം ചെയ്യൽ.

RNU TVPM

************************************

## സംസ്ഥാന കലാപുരസ്കാരം

സംസ്ഥാന സർക്കാരിന്റെ 2024-ലെ കലാപുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കഥകളി പുരസ്കാരം കഥകളി സംഗീതജ്ഞൻ കലാനിലയം ഉണ്ണികൃഷ്ണനും കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താനും പങ്കിട്ടു. പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് തിമില കലാകാരൻ

ചോറ്റാനിക്കര വിജയൻ മാരാർ അർഹനായി. കേരളീയ നൃത്ത-നാട്യ പുരസ്കാരത്തിന് മോഹിനിയാട്ടം കലാകാരി വിനീത നെടുങ്ങാടിയെ തെരഞ്ഞെടുത്തു. പുരസ്കാര വിതരണം ഈ മാസം 11 ന് തിരുവനന്തപുരത്ത് നടക്കും.

************************************

## ശബരിമല

ശബരിമല തീർത്ഥാടനത്തിന് സമഗ്രമാറ്റം വരുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ ആരംഭിച്ചു. വരുന്ന മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായുള്ള ഫെസ്റ്റിവൽ കൺട്രോൾ ഓഫീസ് ഏപ്രിൽ മാസത്തിൽ പമ്പയിൽ പ്രവർത്തനം ആരംഭിക്കും. ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവത്തിന് മാത്രമായി പ്രത്യേക ബഡ്ജറ്റ് തയ്യാറാക്കാനും തീരുമാനിച്ചു.

RNUTVPM

************************************

## മാരാമൺ കൺവൻഷൻ (ഇൻട്രോ)

131-ാമത് മാരാമൺ കൺവൻഷന് നാളെ തുടക്കമാകും. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മിഷനറി വിഭാഗമായ മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കൺവൻഷൻ പമ്പ മാരാമൺ മണൽപ്പുറത്ത് ഈ മാസം 15 വരെ

തുടരും. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയ്സ്..)**

*********************************

## ടി-20 ക്രിക്കറ്റ്

ഐസിസി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിന് തുടക്കമായി , ആദ്യ മത്സരത്തിൽ നെതർലൻഡ്സിനെതിരെ പാകിസ്ഥാന് 148 റൺസ് വിജയലക്ഷ്യം. ടോസ് നേടിയ പാകിസ്ഥാൻ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരിന്നു. വൈകുന്നേരം 3 മണിക്ക് നടക്കുന്ന രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് സ്കോട്ലണ്ടിനെ നേരിടും . ഇന്ത്യ, യു എസ്സ് എ മത്സരം രാത്രി 7 നു നടക്കും.

RJU TVPM

*********************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം, നാളെ സർവീസസിനെ നേരിടും. ഉച്ചകഴിഞ്ഞ് ഒന്നിന് അസമിലാണ് മത്സരം.

*********************************

## പാകിസ്ഥാൻ -ഇസ്ലാമിക് സ്റ്റേറ്റ്

പാകിസ്ഥാൻ തലസ്ഥാനമായ ഇസ്ലാമാബാദിലെ പള്ളിയിൽ നടന്ന ചാവേർ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തു. അക്രമി തോക്കുമായി നിൽക്കുന്ന ചിത്രവും ടെലഗ്രാം ചാനലിലൂടെ സംഘടന പുറത്തുവിട്ടു. അതേസമയം, ഇസ്ലാമാബാദ് സ്ഫോടനത്തെ ഇന്ത്യ അപലപിച്ചു. പാകിസ്ഥാന്റെ ആഭ്യന്തര പ്രശ്നങ്ങൾക്ക് മറ്റു രാജ്യങ്ങളെ കുറ്റപ്പെടുത്തുന്നത് ദൗർഭാഗ്യകരമാണെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

*********************************

## സ്വർണ വില

സ്വർണവിലയിൽ വർദ്ധന. പവന് 2,120 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 14,840 രൂപയും ഗ്രാമിന് 14,355 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

*********************************

## ഹരിതകേരളം മിഷൻ

ഹരിതകേരളം മിഷന്റെ ദേശീയ പരിസ്ഥിതി സമ്മേളനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി, റീൽസ് മത്സരങ്ങൾ സംഘടിപ്പിക്കും. ഈ മാസം 17 വരെ എൻട്രികൾ ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ haritham.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

*********************************

## ജലവിതരണം മുടങ്ങും

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഭാഗത്തെ വാട്ടർ അതോറിറ്റിയുടെ വാൽവ് മാറ്റിസ്ഥാപിക്കുന്നതിന്റെ ഭാഗമായി നാളെ രാവിലെ 10 മണി മുതൽ രാത്രി 10 മണിവരെ മെഡിക്കൽ കോളേജിന്റെ പരിസര പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് അധികൃതർ അറിയിച്ചു.

**********************************************************************************************************

************

RNU TVPM